പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2494** 06/12/2018 ൽ മറുപടിക്ക്

## ഇലക്ട്രോണിക് വ്യവസായ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. പി. ഉണ്ണി** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| ഇലക്ട്രോണിക് വ്യവസായ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | ഇലക്ട്രോണിക് വ്യവസായ വികസനത്തിനായി ഈ സർക്കാർ, കെൽട്രോണിന്റെ നിലവിലെ ഉല്പാദന മേഖല വികസിപ്പിക്കുവാനും കമ്പനിയുടെ ഇലക്ട്രോണിക് ഉൽപ്പന്ന ശൃംഖല വർദ്ധിപ്പിക്കുവാനുമുള്ള പദ്ധതികൾക്കു ഭരണാനുമതി നൽകുകയും, കൂടാതെ ഇതിനുവേണ്ടിയുള്ള നിർമ്മാണശാല വിപുലീകരിക്കാനും, നൂതന സാങ്കേതികതയോട്ടുകൂടിയ മെഷീനുകൾ വാങ്ങുന്നതിനും, സ്മാർട്ട് മീറ്റർ, ലാപ് ടോപ്, സെർവർ, സോളാർ മൊഡ്യൂൾ എന്നീ ഉൽപന്നങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതികൾക്ക് അനുമതി നൽകുകയും, ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് 40 കോടി രൂപ ഫണ്ടായി അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. ( 30 കോടി രൂപ കെൽട്രോണിനും 10 കോടി രൂപ കെൽട്രോൺ കംപോണൻറ്റ് കോംപ്ലക്സ് ലിമിറ്റഡിനും) മൽസ്യ തൊഴിലാളികളെ സഹായിക്കുന്നതിനു വേണ്ടി ഐ.എസ്.ആർ.ഒ വികസിപ്പിച്ച നാവിക് ഉപകരണങ്ങൾ നിർമ്മിച്ചു നൽകുവാൻവേണ്ടി മത്സ്യബന്ധന വകുപ്പുമായി കെൽട്രോൺ 4.2 കോടി രൂപയുടെ ഓർഡർ ഒപ്പിട്ടുകയും ചെയ്തിട്ടുണ്ട്.<br><br>ഇലക്ട്രോണിക്സ് വ്യവസായ വികസനത്തിനായി സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഇലക്ട്രോണിക്സ്/ ഇലക്ട്രോണിക്സ് അധിഷ്ഠിത |

വ്യവസായങ്ങൾക്ക് വേണ്ടിയുള്ള ക്ലസ്റ്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

---

ഇലക്ട്രോണിക്സ് വ്യവസായ വികസനത്തിനായി കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ 100 ഏക്കർ സ്ഥലത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 90 കോടി രൂപ ഈ സർക്കാർ അനുവദിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത വ്യവസായ പാർക്ക് നിർമിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ